ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ റോഡുകളുടെ മെയിന്റെനൻസ് നടത്തുന്നതിന് ഈ വർഷം നിരത്ത് വിഭാഗത്തിൻ കീഴിൽ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1* ആയും ദേശീയപാത വിഭാഗത്തിൻ കീഴിൽ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2* ആയും ചേർക്കുന്നു. കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിധിയിൽ വരുന്ന ഗാന്ധി റോഡ് - മിനി ബൈപ്പാസ് റോഡ്, കോവൂർ-വെള്ളിമാട് കുന്ന് റോഡ് എന്നിവയുടെ മെയിന്റെനൻസിനായി 18.8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. കെ.എസ്.ടി.പി. പദ്ധതിയിൽപ്പെടുത്തി തൈക്കോട്-ചെങ്ങന്നൂർ റോഡിന്റെ മെയിന്റെനൻസിനായി 5,04,531 രൂപയും, കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിന്റെ മെയിന്റെനൻസിനായി 2.69 കോടി രൂപയും, പിലാത്തറ-പാപ്പിനിശ്ശേരി റോഡിന്റെ മെയിന്റെനൻസിനായി 1.8 കോടി രൂപയും, തലശ്ശേരി - വളവുപാറ റോഡിന് 11.5 ലക്ഷം രൂപയും ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡിന്റെ മെയിന്റെനൻസിനായി 58 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി.

(ബി) 23-7-2014-ലെ സ.ഉ.(സാധാ) നമ്പർ 5656/14/ധന പ്രകാരം (അനുബന്ധം 3)* മെയിന്റെനൻസ് ജോലി നിർവ്വഹിക്കുവാൻ വേണ്ടി ഒരു സെക്ഷൻ ഓഫീസിന് 50,000 രൂപ വച്ച് അനുവദിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ മേൽനോട്ടത്തിലാണ് മെയിന്റെനൻസ് ജോലികൾ ചെയ്യുന്നത്.

(സി) 84.75 ലക്ഷം രൂപ അനുവദിച്ചതിൽ 86.5 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ, വണ്ടൂർ, പരപ്പനങ്ങാടി എന്നിവർ തുക വിനിയോഗിച്ചിട്ടില്ല.

കേരള സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഏറ്റെടുത്ത പ്രവൃത്തികൾ

321 (1378) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഏറ്റെടുത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് പ്രവൃത്തി, ജില്ല, അടങ്കൽ തുക തിരിച്ച് വിശദമാക്കാമോ;

(ബി) കോർപ്പറേഷൻ നേരിട്ടാണോ അതോ ഉപകരാർ നൽകിയാണോ കരാർ ചെയ്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നത്;

(സി) ഉപകരാർ ഏൽപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) കോർപ്പറേഷനു കീഴിൽ ഉപകരാർ ഏറ്റവും കൂടുതൽ ഏറ്റെടുത്തത് ആരാണെന്നും അവർ ഏറ്റെടുത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷൻ പൊതുമരാമത്ത് വകുപ്പ് ഉൾപ്പെടെയുള്ള ടെണ്ടറുകളിൽ പങ്കെടുത്ത് അവാർഡ് ചെയ്യപ്പെട്ടതിനെ തുടർന്ന് ഏറ്റെടുത്തവയും കൂടാതെ, സർക്കാരിന്റെ പ്രത്യേക ഉത്തരവ് വഴി കമ്പനിയെ ചുമതലപ്പെടുത്തിയ പ്രവൃത്തികൾ എന്ന നിലയ്ക്ക് ഏറ്റെടുത്ത പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധം 'എ'-യും, 'ബി'-യുമായി ചേർത്തിരിക്കുന്നു.*

(ബി) പബ്ലിക് ടെണ്ടറുകളിൽ പങ്കെടുത്ത് കോർപ്പറേഷന് അവാർഡ് ചെയ്യപ്പെടുന്ന പ്രവൃത്തികൾ, കമ്പനിയുടെ അംഗീകൃത പാനലിൽപ്പെട്ട കരാറുകാർക്ക് സബ് കോൺട്രാക്ട് നൽകിയാണ് നിർവ്വഹിക്കുന്നത്. കൂടാതെ, 7-9-2007-ലെ ജി.ഒ. (ആർറ്റി.) നമ്പർ 408/2007/ഫിൻ. അനുസരിച്ച് കമ്പനിയെ നേരിട്ട് ഏൽപ്പിച്ച പ്രവൃത്തികൾ, പ്രത്യേക ടെണ്ടർ ചെയ്ത് ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരത്തോടെ പ്രത്യേകം കരാർ ഒപ്പു വച്ച് നിർവ്വഹിക്കുകയും ചെയ്യുന്നു.

(സി) ഉണ്ട്. കേരള സ്റ്റേറ്റ് കൺസ്യൂക്ഷൻ കോർപ്പറേഷൻ, വേണ്ടത്ര യന്ത്ര സാമഗ്രികൾ ഉള്ളവരും, നിശ്ചിത സമയപരിധിക്കകം പ്രവൃത്തികൾ പൂർത്തിയാക്കുന്നവരുമായ പൊതുമരാമത്ത് വകുപ്പിലെ രജിസ്റ്റേർഡ് കോൺട്രാക്ടർമാരുടെ ഒരു പാനൽ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ഈ പാനലിൽപ്പെട്ട കരാറുകാർക്ക് നിശ്ചിത പ്രവൃത്തിയെ സംബന്ധിച്ച് അവരുടെ ചുരുങ്ങിയ നിരക്ക് ക്വാട്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ കമ്പനിയുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പാനലിൽപ്പെട്ട കരാറുകാരിൽ നിന്ന് രേഖാമൂലം ചുരുങ്ങിയ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനുമായി എം.ഒ.യു. ഒപ്പു വയ്ക്കുന്നു. ഈ എം.ഒ.യു.-ന്റെ അടിസ്ഥാനത്തിലാണ് കമ്പനി ടെണ്ടറുകളിൽ പങ്കെടുക്കുന്നത്. ഇപ്രകാരം സമർപ്പിക്കുന്ന ടെണ്ടർ ഓഫറുകൾ സൂക്ഷ്മ പരിശോധന നടത്തി ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശേഷം നൽകപ്പെടുന്ന ശിപാർശകൾക്കനുസൃതമായി കോർപ്പറേഷന് പ്രവൃത്തിയുടെ വർക്ക് ഓർഡർ ലഭിക്കുന്ന പക്ഷം, മേൽ പറഞ്ഞ എം.ഒ.യു. ഒപ്പുവച്ച കരാറുകാരനുമായി ഉപകരാർ ഒപ്പ് വയ്ക്കുന്നു.

(ഡി) കോർപ്പറേഷന്റെ കീഴിൽ ഏറ്റവും കൂടുതൽ ഉപകരാർ പ്രകാരം പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരും പ്രവൃത്തിയുടെ വിശദാംശങ്ങളും യഥാക്രമം അനുബന്ധം 'സി'-യും 'ഡി'-യുമായി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.